നെല്ലിന്റെ സംഭരണ വില കർഷകന് കൃത്യമായി നൽകാൻ നടപടി

217 (1251) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില സംഭരണ സമയത്തുതന്നെ കർഷകന് ലഭ്യമാക്കുമെന്ന 2013-14 ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനായി ജില്ലാ സഹകരണ ബാങ്കുകളിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ; ഇതിലേക്ക് ഇതിനകം സർക്കാർ എത്ര തുക നൽകിയിട്ടുണ്ട് ;

(സി) ഈ പദ്ധതിപ്രകാരം സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും സംഭരണം നടക്കുമ്പോൾതന്നെ നെല്ലിന്റെ വിലയുള്ള ചെക്ക് കർഷകർക്ക് നൽകുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) നെല്ലിന്റെ സംഭരണ വില സംഭരണ സമയത്തുതന്നെ കർഷകന് കൊടുക്കാറുണ്ട്. 2014-15 രണ്ടാംസീസണിൽ നെല്ലിന്റെ സംഭരണവില വിതരണം ചെയ്യുന്നതിൽ കടിശ്ശിക ഉണ്ടായിട്ടുണ്ട്. ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുവാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. നെല്ലിന്റെ വില നൽകുന്നതിന് ജില്ലാ സഹകരണ ബാങ്കുകളിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടില്ല.

(സി) സംഭരണ സമയത്തുതന്നെ നെല്ലിന്റെ വിലയുള്ള ചെക്ക് കർഷകർക്ക് നൽകുന്നില്ല.

വിലക്കയറ്റം

218 (1252) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ലേബർ ബ്യൂറോയുടെ കണക്കുകൾ പ്രകാരം വിലക്കയറ്റത്തിൽ സംസ്ഥാനം ഇപ്പോൾ ഏത് സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കണക്കുകൾ പ്രകാരം മറ്റ് സംസ്ഥാനങ്ങളിലെ വിലക്കയറ്റത്തിന്റെ തോത് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly